# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2325 | 05.12.2018-ൽ മറുപടിയ്ക്ക്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.ടി.തോമസ് | ശ്രീ.പി.തിലോത്തമൻ<br>ഭക്ഷ്യവും, പൊതുവിതരണവും,<br>വകുപ്പ് മന്ത്രി |

### ഇടപ്പള്ളി പോണേക്കരയിൽ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിന്റെ സ്ഥലം

| | |
|---|---|
| (എ) എറണാകുളം ജില്ലയിലെ ഇടപ്പള്ളി പോണേക്കരയിൽ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിന് എത്ര സ്ഥലമാണുള്ളതെന്ന് വിശദമാക്കുമോ; | (എ) ഭക്ഷ്യ പൊതുവിതരണ വകുപ്പിന് സ്ഥലമില്ല. എന്നാൽ സിവിൽ സപ്ലൈസ് കോർപ്പറേഷന് എറണാകുളം ജില്ലയിലെ ഇടപ്പള്ളിയിൽ 2.5 ഏക്കർ സ്ഥലം സ്വന്തമായി ഉണ്ട്. |
| (ബി) പ്രസ്തുത സ്ഥലം ഉപയോഗപ്പെടുത്തു-ന്നതിനുള്ള എന്തെങ്കിലും പദ്ധതി ഇപ്പോൾ പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ;<br><br>(സി) ഇല്ലെങ്കിൽ പ്രസ്തുത സ്ഥലം ഉപയോഗപ്പെടുത്തുന്നതിന് ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുമോ? | (ബി) & (സി) ഉണ്ട്. 24.01.2018-ലെ സർക്കാർ ഉത്തരവ് (സാധാ) നം. 33/2018/ഭ.പൊ.വി.വ പ്രകാരം 14.25 കോടി രൂപ (പതിനാല് കോടി ഇരുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) മുതൽ മുടക്കി, ദേശീയ ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഭക്ഷ്യ സംഭരണ വിതരണത്തിനായി ഗോഡൗൺ നിർമ്മിക്കുന്നതിന് സപ്ലൈകോയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ